(എച്ച്) ഇല്ല. ക്രൈംബ്രാഞ്ചിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടില്ല.

(ഐ) വാഹനം ഏതാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല.

(ജെ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിശദവിവരങ്ങൾ വെളിവാകുകയുള്ളു.

ബലാൽക്കാരശ്രമത്തിനെതിരെ കേസ്

24 [1539] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷനതിർത്തിയിൽ പനങ്ങോട് പഞ്ചായത്തിലെ ആദിവാസിയായ കാപ്പിക്കുന്നുമ്മൽ ഷാലുവിന്റെ ഭാര്യ സുചന എന്ന ആദിവാസി യുവതിയെ പനങ്ങാട് പ്രൈമറി ഹെൽത്ത് സെന്ററിൽ ഫാർമസിസ്റ്റ് ബലാൽക്കാരം ചെയ്യുവാൻ ശ്രമിച്ചത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സെക്ഷനനുസരിച്ചാണ് എന്ന് വിശദമാക്കാമോ ;

(ബി) പ്രതിയെ അറസ്റ്റ് ചെയ്തുവോ; കേസ് ചാർജ്ജ് ചെയ്തുവെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 46/05 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 354, 323, 506 (1), ആന്റ് എസ്.സി/എസ്.റ്റി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ടിലെ 3 (1), (2) എന്നീ വകുപ്പുകൾ അനുസരിച്ചാണ് കേസ്.

(ബി) പ്രതി കോടതിയിൽ ഹാജരായപ്പോൾ കോടതി പ്രതിയെ ജാമ്യത്തിൽ വിട്ടയച്ചു. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അകാരണമായി അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ടതിനെതിരെ നടപടി

25 [1540] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽപ്പെട്ട തിരുവങ്ങാട് വില്ലേജിലെ കുട്ടിമാക്കുൽ സ്വദേശി പൊച്ചേരി സ്വദേശി സഹദേവനെ 17-12-2004-ന് തലശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അകാരണമായി വീട് വളഞ്ഞ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച അന്വേഷണം നടത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം അന്വേഷണങ്ങളും നടപടികളുമാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയം നേരിട്ടറിഞ്ഞെത്തിയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ പോലീസ് സ്റ്റേഷനിൽ പരിശോധന നടത്തിയപ്പോൾ അവിടെ അകാരണമായി ആളുകളെ ദിവസങ്ങളോളം കസ്റ്റഡിയിൽ വയ്ക്കുന്നതായി കണ്ടെത്തിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സംഭവങ്ങൾക്ക് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 442/97 ആയി ഇൻഡ്യൻ ശിക്ഷാനിയമം 143, 147, 148, 323, 427, 324, 149 വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ ഒന്നാം പ്രതിയായ പൊയ്യേരി സഹദേവൻ കോടതിയിൽ ഹാജരാകാതെ ഒളിവിൽ പോയതിനാൽ എൽ. പി. സി. നമ്പർ 40/04 ആയി വാറണ്ട് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി സർക്കിൾ ഇൻസ്പെക്ടർ 17-12-2004-ന് പുലർച്ചെ ടിയാന്റെ വീട്ടിൽ വച്ച് അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവരികയും അന്നേദിവസം തന്നെ കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും പ്രതിയെ റിമാന്റിൽ പാർപ്പിക്കുകയും ചെയ്തിരുന്നു.

(ബി) നിവേദനം ലഭിച്ചതായി കാണുന്നില്ല.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) 18-12-2004-ന് മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് മോഹൻകുമാർ തലശ്ശേരി പോലീസ് സ്റ്റേഷൻ സന്ദർശിച്ച സമയം ലോക്കപ്പിൽ ഉണ്ടായിരുന്ന ജോസ് മാത്യു, പവനൻ എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിരുന്നു. ടി പ്രതികളെ 18-12-2004-ന് 2.20 മണിക്ക് ബേബി ജോൺ എന്ന പ്രതിയുമൊന്നിച്ച് ഭവനഭേദനത്തിനുള്ള ആയുധം സഹിതം ധർമ്മടം പാലത്തിനടുത്തുവച്ച് തലശ്ശേരി സി. ഐ. അറസ്റ്റ് ചെയ്തിട്ടുള്ളതും പ്രതികളുടെ പേരിൽ ധർമ്മടം പി. എസ്. കുറ്റനമ്പർ 290/04 യു/എസ് 401 ഐ. പി. സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. മേൽ പ്രതികൾ മുൻ ശിക്ഷ ഉള്ളവരും അപകടകാരികളുമായതിനാലും ധർമ്മടം പോലീസ് സ്റ്റേഷനിൽ ലോക്കപ്പ് ഇല്ലാത്തതിനാലുമാണ് തലശ്ശേരി പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ പാർപ്പിക്കേണ്ടിവന്നത്. ടി പ്രതികളെ നിയമാനുസരണം കോടതിൽ ഹാജരാക്കിയിട്ടുള്ളതും കോടതി റിമാന്റിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(ഇ) ഈ സംഭവങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചകളൊന്നും സർക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly